(ബി) ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ എവിടെയെല്ലാം പുതുതായി മാവേലി സ്റ്റോറുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അനുമതി ലഭിച്ച മാവേലി സ്റ്റോറുകൾ എവിടെയെല്ലാം ആരംഭിച്ചു;

(സി) കണ്ണൂർ ജില്ലയിൽ കുന്നോത്തുപറമ്പിൽ അനുവദിച്ച മാവേലി സ്റ്റോറിന് കെട്ടിടം നൽകിയിട്ടും മാവേലി സ്റ്റോർ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 102 മാവേലി സ്റ്റോറുകൾ.

(ബി) കണ്ണൂർ ജില്ലയിൽ കേളകം, വള്ളിത്തോട്, ഉദയഗിരി, പട്ടുവം, എരിവേശ്ശി, കൂടാളി എന്നിവിടങ്ങളിൽ പുതുതായി മാവേലി സ്റ്റോറുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. വള്ളിത്തോട്, കൂടാളി എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ കുന്നോത്തുപറമ്പ് പഞ്ചായത്തിൽ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുവേണ്ടി കൊളവല്ലൂരിൽ ഒരു കെട്ടിടം ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത സ്ഥലം ജനസാന്ദ്രത ഇല്ലാത്ത ഒറ്റപ്പെട്ട പ്രദേശമായതിനാൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് ഗുണകരമല്ല എന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിൽ മാവേലി സ്റ്റോർ ആരംഭിച്ചിട്ടില്ല.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി

235 [1183] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോർ ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 161 ഗ്രാമപഞ്ചായത്തുകൾ.

(ബി) മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly